## ഉത്തരമേഖല കാർഷിക ഗവേഷണ കേന്ദ്രം, പിലിക്കോട് 'ആർ.എ.ആർ.എസ്. ഫാം കാർണിവൽ 2026' നടത്തുന്നതിന്റെ Expression of Interest (EOI) പരിശോധനാ വിഷയങ്ങൾ.

### 1. ആമുഖം

കാസർഗോഡ് ജില്ലയിലെ കാർഷിക, സംസ്കാരിക, വിജ്ഞാന, വിനോദ സഞ്ചാര മേഖലയിൽ അതീവ പ്രാധാന്യം വഹിക്കുന്ന ഒന്നാണ് ഉത്തരമേഖല കാർഷിക ഗവേഷണ കേന്ദ്രം, പീലിക്കോട്. കൃഷിയും വിജ്ഞാനവും ചരിത്രവും സംസ്കാരവും വിനോദവും ഒന്നുചേർന്ന് തിരുമുമ്പ് സംസ്കൃതി പഠന കേന്ദ്രമായ ഹെറിറ്റേജ് അഗ്രി ടൂറിസം സെന്ററിന്റെ ആവിർഭാവത്തോടെ ജില്ലയിലെ കാർഷിക സംസ്കാരിക കലാ മേഖലയുടെ വളർച്ചയിൽ വലിയൊരു ഭാഗമാകാൻ ഈ കേന്ദ്രത്തിന് കഴിയുന്നുണ്ട്. വിനോദ സഞ്ചാര മേഖലയിലെ ഈ കേന്ദ്രത്തിലെ സാധ്യത മനസിലാക്കി കാസർഗോഡ് ജില്ല ടൂറിസം പ്രൊമോഷൻ കൗൺസിൽ ഈ കേന്ദ്രത്തെ ജില്ലയിലെ വിനോദ സഞ്ചാര പ്രാധാന്യം അർഹിക്കുന്ന ഭാഗങ്ങൾ ഉൾപ്പെടുത്തിയ ശൃംഖലയിൽ ചേർക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു കഴിഞ്ഞു. ഉത്തര മേഖല കാർഷിക ഗവേഷണ കേന്ദ്രത്തിന്റെ കീഴിൽ പീലിക്കോട് തിരുമുമ്പ് ഹെറിറ്റേജ് അഗ്രി ടൂറിസം സെന്റർ എന്ന പേരിലായിരിക്കും പ്രസ്തുത കേന്ദ്രം ഭാവിയിൽ അറിയപ്പെടുക. ഈ സെന്ററിനകത്തു സ്ഥിതി ചെയ്യുന്ന ഹരിതവനം എന്ന പച്ചതുരുത്തിന് ഈ വർഷത്തെ കാസർഗോഡ് ജില്ലയിലെ പച്ചതുരുത്തുകൾക്കുള്ള ഒന്നാം സ്ഥാനം കിട്ടിയിരുന്നു.

വരും കാലങ്ങളിൽ മലബാർ കിസാൻ മേളയായി പരിണമിച്ച് ആഘോഷിക്കപ്പെടാൻ പ്രാപ്തമാക്കുന്ന രീതിയിൽ പദ്ധതിയിട്ട് കഴിഞ്ഞ മൂന്ന് വർഷങ്ങളിലായി കർഷകർക്കും പൊതുജനങ്ങൾക്കും വിദ്യാർത്ഥികൾക്കും ഒരുപോലെ ഉപകാരപ്പെടുന്ന രീതിയിൽ ഫാം കാർണിവൽ എന്ന പേരിൽ ഒരു കാർഷിക മേള കേന്ദ്രത്തിൽ നടത്തി വരുന്നു. ഈ വർഷം ഫെബ്രുവരി 22 മുതൽ മാർച്ച് 8 വരെയാണ് നടത്താൻ തീരുമാനിച്ചിരിക്കുന്നത്. അതിനോടനുബന്ധിച്ച് കർഷകർക്കും, പൊതുജനങ്ങൾക്കും, വിദ്യാർത്ഥികൾക്കും ഒരുപോലെ ഉപകരിക്കുന്ന വിജ്ഞാനപ്രദമായ സെമിനാറുകൾ, കാർഷിക പ്രദർശനങ്ങൾ, കൃഷി സമ്പ്രദായ പഠനക്ലാസ്സുകൾ വിനോദ വിജ്ഞാന ഉപാധികൾ, വിപണന സ്റ്റാളുകൾ, പൈതൃക വിത്തുത്സവം, നടീൽ വസ്തുക്കൾ, ഫാം ഉല്പന്നങ്ങൾ എന്നിവ ഒരുക്കുന്നു. ഈ വർഷം ഫെബ്രുവരിയിൽ മേള നടത്തുന്നതിനുള്ള പ്രാരംഭ തയ്യാറെടുപ്പുകൾ ആരംഭിച്ചിരുന്നു.

എന്നാൽ മുൻകാലങ്ങളിൽ നിന്നും വിഭിന്നമായി ആർ.എ.ആർ.എസ്. അമ്പലവയലിൽ വർഷാവർഷം നടന്നുവരുന്ന മേളയുടെ മാതൃകയിൽ EOI രീതിയിൽ ആർ.എ.ആർ.എസ്. പിലിക്കോട്-ലെ ഫാം കാർണിവൽ നടത്തുന്നതിനായി ഡയറക്ടർ ഓഫ് എക്സ്റ്റൻഷന്റെ 22.12.2025 തീയതിയിലെ ഉത്തരവ് നമ്പർ KAUEXT/2323/2025-EXT B3 ലഭിച്ചിട്ടുണ്ട്. പ്രവർത്തന സമയം രാവിലെ 9 മണി മുതൽ രാത്രി 10 മണിവരെ ആയിരിക്കും.

### 2. പ്രവർത്തനങ്ങൾ

ആർ.എ.ആർ.എസ് -ലെ 10 ഹെക്ടർ വ്യാപിച്ചു കിടക്കുന്ന NARP ബ്ലോക്കുകളിൽ മേളയുടെ ഭാഗമായി സ്റ്റേജ് ഷോകൾ, എക്സിബിഷനുകൾ, കാർഷിക പ്രദർശനങ്ങൾ, സെമിനാറുകൾ, വർക്ക്ഷോപ്പുകൾ, അമ്യൂസ്മെന്റ് റൈഡുകൾ, ഫുഡ്കോർട്ട്, കൃഷി സമ്പ്രദായ പഠന ക്ലാസുകൾ, പൈതൃക വിത്തുത്സവം, മറ്റ് വിനോദ കലാപരിപാടികൾ തുടങ്ങിയവ സംഘടിപ്പിക്കുന്നതിനുള്ള സൗകര്യമുണ്ട്. കൂടാതെ പഴമയും, കൃഷിയും, വിജ്ഞാനവും, ചരിത്രവും, സംസ്കാരവും, വിനോദവും സമന്വയിപ്പിച്ചിരിക്കുന്ന തിരുമുമ്പ് സംസ്കൃതി പഠന കേന്ദ്രമായ ഹെറിറ്റേജ് അഗ്രി ടൂറിസം സെന്റർ സന്ദർശകർക്ക് വിനോദവും വിജ്ഞാനവും പ്രധാനം ചെയ്യാനാകും വിധം ഒരുക്കിയിരിക്കുന്നു. കൃഷിയും മൃഗസംരംക്ഷണവും പക്ഷി വളർത്തലും മത്സ്യകൃഷിയും കൂട്ടിയിണക്കിയുള്ള സംയോജിത കൃഷി പരിപാലനം പ്രോത്സാഹിപ്പിക്കുന്നതിനുള്ള സജ്ജീകരണങ്ങൾ ഒരുക്കിയിരിക്കുന്നു. ഹെറിറ്റേജ് സെന്ററിൽ ഹരിതവനം പച്ചതുരുത്തിലൂടെയുള്ള യാത്രാനുഭവം, ആകാശ കാഴ്ചകൾ ഒരുക്കുന്ന ഏറുമാടങ്ങൾ, ആശ്രമ മാതൃകയിലുള്ള മെഡിറ്റേഷൻ സൗകര്യം, പൈതൃക ഭവനം, ബയോ പാർക്കുകൾ തുടങ്ങിയവും സെന്ററിൽ ഉൾപ്പെട്ടിരിക്കുന്നു.

3. **Expression of Interest (EOI) അപേക്ഷകർ:**

- ഗവൺമെന്റ് സ്ഥാപനങ്ങൾ, അർദ്ധസർക്കാർ സ്ഥാപനങ്ങൾ എൻ.ജി.ഒ കൾ, പ്രൈവറ്റ് സ്ഥാപനങ്ങൾ, കർഷക സംഘടനകൾ ഉൾപ്പെടെ സമാനരീതിയിൽ പ്രവർത്തി പരിചയമുള്ളവരിൽ നിന്നും ആണ് ഇതിനുള്ള തൽപ്പര്യപത്രം ക്ഷണിക്കുന്നത്.
- കഴിഞ്ഞ മൂന്നു വർഷങ്ങളിൽ സമാനമായ പരിപാടികൾ (15 ലക്ഷമോ അതിലധികമോ അടങ്കൽ തുക വരുന്ന) നടത്തിയിട്ടുള്ള ഏജൻസികളായിരിക്കണം അപേക്ഷകർ
- സ്ഥാപനത്തിന്റെ വിശദവിവരങ്ങൾ, മുമ്പ് ഇത്തരം പ്രവർത്തികൾ നടത്തിയതിന്റെ രേഖകൾ (എഗ്രിമെന്റ്, കംപ്ലീഷൻ സർട്ടിഫിക്കറ്റ് പകർപ്പ്), പരിപാടി നടത്തുവാൻ ഉദ്ദേശിക്കുന്നതിന്റെ പദ്ധതി രേഖ എന്നിവയും അപേക്ഷയോടൊപ്പം (ടെക്നിക്കൽ ബിഡ്ഡിനോടൊപ്പം) സമർപ്പിക്കേണ്ടതാണ്.
- ഗവണ്മെന്റോ അർദ്ധസർക്കാർ സ്ഥാപനങ്ങളോ, കോർപറേറ്റുകളോ, ബ്ലാക്ക് ലിസ്റ്റിൽ പെടുത്തിയവരെ യാതൊരുകാരണവശാലും പരിഗണിക്കുന്നതല്ല

**4. നടത്തുന്ന തീയതികൾ**

| ഇനം | തീയതി , സമയം |
|---|---|
| 1. പ്രസിദ്ധപ്പെടുത്തുന്നത്- | 08/01/2026 |
| 2. EOI സമർപ്പിക്കേണ്ട അവസാന തീയതി- | 15/01/2026 5.00 pm |
| 3. EOI തുറക്കുന്ന തീയതി | 16/01/2026 12.00 noon |

**5. അപേക്ഷകരുടെ തിരഞ്ഞെടുപ്പ്**

a) ഇതിനായി നിയോഗിക്കുന്ന യൂണിവേഴ്സിറ്റിതല കമ്മറ്റി, അപേക്ഷകളും അനുബന്ധ രേഖകളും പരിശോധിച്ചതിനുശേഷമാണ് അപേക്ഷകരെ തിരഞ്ഞെടുക്കുന്നത്.
b) അപേക്ഷകരെ തിരഞ്ഞെടുക്കുന്നതിനുള്ള പൂർണ്ണ അവകാശം സർവ്വകലാശാലയ്ക്കായിരിക്കും.
c) മേള നടത്തുന്ന സ്ഥലം സന്ദർശിക്കേണ്ടവർക്ക് ആയതിനുള്ള അവസരം നല്കിയതിനുശേഷം അപേക്ഷകൾ സമർപ്പിക്കാവുന്നതാണ്.
d) അപേക്ഷകളിൽ ടെക്നിക്കൽ ബിഡ് പരിശോധിച്ച് യോഗ്യത നേടിയ അപേക്ഷകരുടെ ഫിനാൻഷ്യൽ ബിഡ് മാത്രമേ പരിഗണിക്കുകയുള്ളൂ.

**6. എഗ്രിമെന്റ്:**

തിരഞ്ഞെടുക്കപ്പെടുന്നവർ കാർഷിക സർവ്വകലാശാലയുമായി ജോലി ഏറ്റെടുക്കുന്നത് സംബന്ധിച്ച് ഒരു കരാറിൽ ഏർപ്പെടേണ്ടതാണ്.

**7. അപേക്ഷകർക്കുള്ള നിർദ്ദേശങ്ങൾ**

ചുവടെ കാണിച്ച പ്രകാരം അപേക്ഷകൾ സമർപ്പിക്കാവുന്നതാണ്.

a) Annexure I -ലുള്ള അപേക്ഷ
b) Annexure II -ലുള്ള അപേക്ഷ (ബന്ധപ്പെട്ട രേഖകൾ സഹിതം)
c) പ്രസ്തുത അപേക്ഷ ഒരു Envelope-ൽ Technical Bid, Financial Bid എന്നിങ്ങനെ വേർതിരിച്ച് 2 സീൽഡ് കവറുകളിലായി അടക്കം ചെയ്ത് സമർപ്പിക്കേണ്ടതാണ്.
d) Technical Bid അടക്കം ചെയ്ത സീൽഡ് കവറിന്റെ പുറത്ത് Technical Bid **പിലിക്കോട് ആർ.എ.ആർ. എസ് ഫാം കാർണിവൽ 2026** എന്നും, Financial Bid അടക്കം ചെയ്ത

സീൽഡ് കവറിന്റെ പുറത്ത് Financial Bid **പിലിക്കോട് ആർ.എ.ആർ.എസ് ഫാം കാർണിവൽ 2026** എന്നും രേഖപ്പെടുത്തേണ്ടതാണ്.

e) സീൽഡ് കവറിൽ സമർപ്പിക്കുന്ന അപേക്ഷയുടെ കവറിന് പുറത്ത് **'പിലിക്കോട് ആർ.എ.ആർ.എസ് ഫാം കാർണിവൽ 2026 നടത്തിപ്പിനുള്ള EOI'** എന്ന് **രേഖപ്പെടുത്തേണ്ടതും ഡയറക്ടർ ഓഫ് ഫിസിക്കൽ പ്ലാന്റ്, കാർഷിക സർവ്വകലാശാല, വെള്ളാനിക്കര, തൃശ്ശൂർ** എന്ന മേൽ വിലാസത്തിൽ സമർപ്പിക്കേണ്ടതുമാണ്.

## ടെക്നിക്കൽ ബിഡ്

### നിലവിലുള്ള സൗകര്യങ്ങൾ

| ക്രമ നമ്പർ | ഇനം | വിവരണം | രൂപരേഖയിലെ സ്ഥലം (Annexure IV) |
|---|---|---|---|
| 1 | ടിക്കറ്റ് കൗണ്ടർ | 1 | Near main entrance (Gate 1) |
| 2 | ടിക്കറ്റ് മെഷീൻ | 4 | |
| 3 | ജല വിതരണം | ആവശ്യത്തിന് | |
| 4 | കുടിവെള്ളം | ആവശ്യത്തിന് | |
| 5 | പൈതൃക കവി ഭവനം, ലൈബ്രറി | 1 | |
| 6 | ചുറ്റും നക്ഷത്ര വൃക്ഷങ്ങൾ വച്ചു പിടിപ്പിച്ച ചിൽഡ്രൻസ് പാർക്ക് | 1 (72 മിറ്റർ സ്ക്വയർ) | K |
| 7 | എക്സിബിഷൻ ഹാൾ | 1 | |
| 8 | ഫലങ്ങളുടെ ആകൃതിയിലുള്ള ഇരിപ്പിടങ്ങൾ | 4 | |
| 9 | ഊഞ്ഞാലുകൾ (Traditional & Modern) | 3 | |
| 10 | ഏകദേശം 9 ഗവ. സ്റ്റാളുകൾ ക്രമീകരണത്തിനായി 1 കെട്ടിടം | 114 മീറ്റർ സ്ക്വയർ | Kalavara Nattulsavasala |
| 11 | വ്യാവസായിക വിപണന സ്റ്റാളുകൾ താത്ക്കാലികമായി നിർമ്മിക്കുന്നതിനായുള്ള സ്ഥലം | ആകെ : 2500 മീറ്റർ സ്ക്വയർ | A B E (H,I,J) |
| 12 | വിവിധ വിള പാർക്കുകൾ | Coconut cafeteria, banana cafeteria, tuber crops, jack fruit varieties, fodder crops | Food crop park and nearby areas as mentioned in the location sketch. |
| 13 | വിദേശ ഫലവൃക്ഷ തോട്ടം | 42 exotic fruit varieties | Minor fruit garden |
| 14 | നടപ്പാതയുള്ള ഹരിത വനം | ഏകദേശം 1 ഏക്കർ | Evergreen forest and miyawaki forest. |
| 15 | പച്ചത്തുരുത്ത് | വനത്തിന് സമാനമായ പ്രതീതി നൽകുന്നതും ഇരിപ്പിടങ്ങൾ സജ്ജീകരിച്ചതും | Green islet |
| 16 | കരിമീൻ കുളവും, കരിമീൻ കുഞ്ഞുങ്ങളുടെ വിൽപ്പനയും | 1 | Near medicinal plants based human garden |

| | | | |
|---|---|---|---|
| 17 | തിലാപ്പിയ കുളവും തിലാപ്പിയ മത്സ്യത്തിന്റെ വിൽപ്പനയും | 1 | Near darppanam exhibition hall |
| 18 | മറ്റു കുളങ്ങൾ (ഭവനം കുളം, O ബ്ലോക്ക് കുളം, S ബ്ലോക്ക് കുളം) | 3 | Duck Pond, Fish Pond, Bhavanam Pond |
| 19 | പറ, പത്തായം ആകൃതിയിലുള്ള കിണറുകൾ | | Near Minor fruit garden and boat sculpture |
| 20 | വിവിധ ശിൽപ്പങ്ങൾ - നങ്കൂരമിട്ടു കിടക്കുന്ന ബോട്ട്, ഭീമൻ താറാവിന്റെ കൂട്, ഭീമൻ ശംഖ്, പാലാംഗനാ, വേഴാമ്പൽ, മുതല, കഥകളി സ്വാഗത ശിൽപ്പം | 7 | |
| 21 | ആശ്രമം മോഡൽ മെഡിറ്റേഷൻ സ്ഥലം | 1 | Near children's park |
| 22 | ഏറുമാടങ്ങൾ | 2 | Near children's park and food crops park |
| 23 | ശലഭോദ്യാനം | 1 | Near children's park |
| 24 | മുള ഉദ്യാനം | 162 മീറ്റർ സ്ക്വയർ | H, I , J |
| 25 | റോക്ക് ഗാർഡൻ | 1 | Near gate 3 |
| 26 | 50 കാസർഗോഡൻ കുള്ളൻ പശുക്കളും അവയെ സംരക്ഷിക്കുന്ന 3 ഗോശാലകളും | | Near gate 2 |
| 27 | 28 മലബാറി ആടുകളും അവയുടെ സംരക്ഷണ ശാലകളും | | Near gate 2 |
| 28 | 100 ആൾക്കാർക്ക് ഇരിക്കാൻ സൗകര്യമുള്ള ഊട്ടുപുര | 130 മീറ്റർ സ്ക്വയർ | Near miyawakki forest |
| 29 | ചമയം ഓഡിറ്റോറിയം - 214.5 മീറ്റർ സ്ക്വയർ വിസ്തൃതിയുള്ള സ്റ്റേജും 200 പേർക്ക് ഇരിക്കാനുള്ള ഓഡിയൻസ് ഫെസിലിറ്റിയും | 214.5 മീറ്റർ സ്ക്വയർ | C |
| 30 | വിവിധ കാർഷിക യന്ത്രങ്ങളുടെ പ്രദർശനം | | |
| 31 | കൂൺ കൃഷി പരിശീലനവും കൂൺ വിത്ത് വിപണനവും | | |
| 32 | നെൽകൃഷി, പാഡി ആർട്ട്, വിവിധ വിളകൾ തുടങ്ങിയവയുടെ പ്രദർശനം. | | Food crop park |
| 33 | താറാവ് കൃഷി | | |
| 34 | ഫാം ഫ്രഷ് ഉൽപ്പന്നങ്ങളുടെ വിപണന | | |
| 35 | ആർ.എ.ആർ.എസ് -ന്റെ വിത്ത് നടീൽ വസ്തുക്കൾ തെങ്ങ്, നെല്ല്, എന്നിവയിൽ നിന്നുള്ള മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ, ജൈവോൽപ്പാദന ഉപാധികൾ എന്നിവയുടെ വിപണനം. | | |
| 36 | ചുറ്റും ടാറിട്ട പൊതു റോഡുണ്ട് അത് നാഷണൽ ഹൈവേയിൽ നിന്ന് 500 മീറ്റർ | | |
| 37 | മതിയായ പാർക്കിംഗ് സൗകര്യം | 2.5 Acre | |
| 38 | കൃഷിയും, പ്രകൃതിയും, സംയോജിപ്പിച്ചുകൊണ്ടുള്ള ആരോഗ്യ സംരക്ഷണത്തിന് ഉപകരിക്കുന്ന ചിത്രങ്ങൾ ആലേഖനം ചെയ്തുകൊണ്ടുള്ള | | |

| | | | |
|---|---|---|---|
| | ചുമരുകളോടു കൂടിയുള്ള കെട്ടിടങ്ങൾ | | |
| 39 | ആയുർവേദ ഔഷധ സസ്യങ്ങളുടെ വലിയ ഗാർഡൻ, വിവിധ വാഴയിനങ്ങൾ, പച്ചക്കറികൾ, കിഴങ്ങു വർഗ്ഗങ്ങൾ, അലങ്കാരച്ചെടികളുടെ പ്രദർശന തോട്ടം | | |

**ലഭിക്കുന്ന സ്ഥാപനം ഒരുക്കേണ്ട സൗകര്യങ്ങൾ**

| ക്രമ നം | ഇനം | വിവരണം | രൂപരേഖയിലെ സ്ഥലം |
|---|---|---|---|
| 1 | ലൈറ്റ് & സൗണ്ട് | | |
| a | പവർ ബാക്ക് അപ്പ് | | പ്രദർശന നഗരി മുഴുവൻ |
| b | സൗണ്ട് സിസ്റ്റം | | |
| c | ലൈറ്റ് സിസ്റ്റം | Annexure V റെഫർ ചെയ്യുക | |
| 2 | സാനിറ്ററി സംവിധാനങ്ങൾ | ബയോ ടോയിലറ്റ് ആവശ്യത്തിന് | |
| 3 | സുരക്ഷ സംവിധാനങ്ങൾ | | |
| a | CCTV കവറേജ് | മേള നടത്തുന്ന ഏരിയ പൂർണ്ണമായും പകർത്തുന്നതിന് ആവശ്യമായ | പ്രദർശന നഗരി മുഴുവൻ |
| b | ബാരിക്കേഡുകൾ | തിരക്ക് നിയന്ത്രണത്തിന് ആവശ്യമായത് | |
| c | സെക്യൂരിറ്റി ഗാഡ് | | |
| d | മാലിന്യ നിർമ്മാർജനം | ശുചിത്വ മിഷൻ ഹരിത കർമ്മ സേന rars ഗ്രീൻ പ്രോട്ടോക്കോൾ എന്നിവയ്ക്ക് വിധേയമായി | |
| e | ജല വിതരണം | നിലവിലുള്ള വാട്ടർ ഹൈഡ്രന്റിൽ നിന്നും വെള്ളം ഉപയോഗിക്കുന്നതിന് ആവശ്യമായ സൗകര്യം ഒരുക്കുന്നത് | |
| 3 | പരസ്യവും വീഡിയോ കവറേജും | ഓൺലൈൻ ടിക്കറ്റ് സൗകര്യം<br>led wall<br>മേളയുടെ പൂർണ്ണമായ ഓഡിയോ വീഡിയോ റെക്കോഡിംഗ് | മേള ഗാർഡൻ, മെയിൻ സ്റ്റേജ് |
| 4 | അമ്യൂസ്മെന്റ് പാക്ക് | നിയമാനുസൃതം 955 $m^2$ | L |
| 5 | കലാപരിപാടികൾ (Main stage) | 3750 $m^2$ | O |
| 6 | സ്റ്റാളുകൾ (കൊമേഴ്ഷ്യൽ സ്റ്റാളുകളും, ഫുഡ് പാർക്കുകളും) | നിയമാനുസൃതം സ്റ്റാളുകൾ സജ്ജീകരിക്കുക | നിലവിലുള്ള സൗകര്യങ്ങൾ എന്ന ടേബിളിന്റെ ക്രമ നമ്പർ 11 പരിശോധിക്കുക |

**ചെയ്യേണ്ട പ്രവർത്തികളിൽ പാലിക്കപ്പെടേണ്ട നിർദ്ദേശങ്ങൾ**

Annexure III റെഫർ ചെയ്യുക

## ഫിനാൻഷ്യൽ ബിഡ്

**ബഡ്ജറ്റ് :**

**ഫാം കാർണിവൽ 2026** നടത്തുന്നതിനുള്ള അടിസ്ഥാന വില **15 ലക്ഷം രൂപ (GST പുറമെ)** ആണ് നിശ്ചയിച്ചിട്ടുള്ളത്.

EOI പ്രകാരം അംഗീകരിച്ച കരാർ തുകയുടെ 50% + 18% GST കരാറിലേർപ്പെട്ട് 7 ദിവസത്തിനുള്ളിലും ബാക്കി തുക **ഫാം കാർണിവൽ 2026** തുടങ്ങുന്നതിന് 15 ദിവസം മുൻപും അടച്ച് തീർക്കേണ്ടതാണ്.

**പ്രൊസസിംഗ് ഫീ:**

Expression of Interest (EOI) പ്രകാരം അപേക്ഷ സമർപ്പിക്കുന്നവർ പ്രൊസസിംഗ് ഫീസായി (2500/- രൂപ + 18% GST) 2950/- രൂപ ടെക്നിക്കൽ ബിഡ്ഡിനോടൊപ്പം സമർപ്പിക്കേണ്ടതാണ്. ഇത് അസേസിയേറ്റ് ഡയറക്ടർ ആർ.എ.ആർ.എസ് പിലിക്കോടിന്റെ പേരിൽ SBI കയ്യൂർ ബ്രാഞ്ചിൽ (A/c.No.(RFVII):40106225701,IFSC:SBIN0070573) മാറാവുന്ന ഡിമാന്റ് ഡ്രാഫ്റ്റായി അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്. ഈ തുക തിരിച്ച് നൽകുന്നതല്ല.

**നിരതദ്രവ്യം**

നിരതദ്രവ്യമായി 37,500/- രൂപ ടെക്നിക്കൽ ബിഡ്ഡിനോടൊപ്പം അസോസിയേറ്റ് ഡയറക്ടർ ആർ.എ.ആർ.എസ് പിലിക്കോടിന്റെ പേരിൽ SBI കയ്യൂർ ബ്രാഞ്ചിൽ ((A/c.No.(RFVII):40106225701,IFSC:SBIN0070573) മാറാവുന്ന ഡിമാന്റ് ഡ്രാഫ്റ്റായി അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്. കരാർ വ്യവസ്ഥയ്ക്ക് വിരുദ്ധമായി പ്രവർത്തിക്കുന്നപക്ഷം കാർഷിക സർവ്വകലാശാലയ്ക്ക് ഉണ്ടാകുന്ന നഷ്ടം ഇതിൽ നിന്നും ഈടാക്കുന്നതാണ്.

**സെക്യൂരിറ്റി ഡെപ്പോസിറ്റ്**

EOI ലഭിക്കുന്ന കരാറുകാരൻ കരാർ തുകയുടെ 0.1% വിലയുള്ള മുദ്രപത്രത്തിൽ കരാറിലേർപ്പെടേണ്ടതും കരാർ തുകയുടെ 5% സെക്യൂരിറ്റി ഡെപ്പോസിറ്റായി അസേസിയേറ്റ് ഡയറക്ടറുടെ പേരിൽ ഒടുക്കേണ്ടതുമാണ്.

MaryReginaF

ഡയറക്ടർ
ഡയറക്ടറേറ്റ് ഓഫ് ഫിസിക്കൽ പ്ലാന്റ്,
കേരള കാർഷിക സർവ്വകലാശാല,
വെള്ളാനിക്കര (പി.ഒ), തൃശ്ശൂർ-680656

ANNEXURE I

Expression of Interest നുള്ള അപേക്ഷ

സ്വീകർത്താവ് :

ഡയറക്ടർ
ഡയറക്ടറേറ്റ് ഓഫ് ഫിസിക്കൽ പ്ലാന്റ്,
കേരള കാർഷിക സർവ്വകലാശാല,
വെള്ളാനിക്കര, തൃശ്ശൂർ656 680 -

വിഷയം: പിലിക്കോട് ആർ.എ.ആർ.എസ് ഫാം കാർണിവൽ 2026 നടത്തുന്നതിനുള്ള EOI സമർപ്പിക്കുന്നത് -സംബന്ധിച്ച്

സർ,

.............................................................തീയതിയിൽ പ്രസിദ്ധപ്പെടുത്തിയ പിലിക്കോട് ആർ.എ.ആർ.എസ് ഫാം കാർണിവൽ 2026 നടത്തുന്നതിനുള്ള Expression of Interest (EOI) പ്രകാരം 2026 ലെ മേള നടത്തുന്നതിന് താൽപ്പര്യപത്രം സമർപ്പിക്കുന്നു. ഇതോടൊപ്പം ചുവടെ കാണിച്ച രേഖകളും, സീൽഡ് കവറിൽ സമർപ്പിക്കുന്നു.

Annexure I ലുള്ള അപേക്ഷ
Annexure II ലുള്ള അപേക്ഷ (ബന്ധപ്പെട്ട രേഖകൾ സഹിതം)

വിശ്വസ്തതയോടെ

അപേക്ഷകന്റെ ഒപ്പ്

പൂർണ്ണ വിലാസം:

ഉള്ളടക്കം: മേൽ പ്രകാരം

ANNEXURE II

| ക്രമ നം | വിവരണം | അപേക്ഷകൻ നല്കുന്ന വിവരങ്ങൾ |
|---|---|---|
| 1 | അപേക്ഷകരുടെ പൂർണ്ണ മേൽ വിലാസം | |
| 2 | ഫോൺ നമ്പർ | |
| 3 | ഇതുപോലുള്ള സമാന രീതിയിൽ ഏറ്റെടുത്ത് നടത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങൾ | |
| 4 | ജിടി രജിസ്ട്രേഷൻ നമ്പർ.എസ്. | |

മേൽ പ്രസ്താവിച്ച കാര്യങ്ങൾ സത്യമാണെന്നും, സർവ്വകലാശാലയുടെ എല്ലാ നിയമാവലികളും പാലിച്ചുകൊള്ളാമെന്നും ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

അപേക്ഷകന്റെ ഒപ്പ്:

അപേക്ഷകന്റെ പേര്:

പൂർണ്ണ മേൽ വിലാസം

സ്ഥലം:

തീയതി:

ഉള്ളടക്കം:

1. സ്ഥാപനത്തിന്റെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് (ടി നമ്പർ സഹിതം. എസ്.ജി)
2. പ്രവർത്തി പരിചയ സർട്ടിഫിക്കറ്റിന്റെ പകർപ്പ്
3. ഫോട്ടോ, തിരിച്ചറിയൽ കാർഡ്

ANNEXURE III

a) EOI ലഭിക്കുന്ന ഇവന്റ് മാനേജ്മെന്റ് സ്ഥാപനങ്ങൾ ചുവടെ കാണിച്ച രീതിയിലുള്ള ജോലികൾ സമയബന്ധിതമായി തീർക്കേണ്ടതാണ്. അനുവദിക്കുന്ന 10 ഹെക്ടർ സ്ഥലത്ത് വിവിധ സ്റ്റാളുകൾ സ്ഥാപിക്കേണ്ടതും, വിവിധ അമ്യൂസ്മെന്റ് റൈഡുകൾ, കുട്ടികൾക്കുള്ള വിവിധ വിനോദോപാധികൾ എന്നിവയും സ്ഥാപിക്കാവുന്നതാണ്. ഇവിടെയുള്ള 4 കുളത്തിൽ നിലവിലുള്ള സർക്കാർ സുരക്ഷാ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് കാർണിവൽ സംബന്ധിച്ച ആവശ്യങ്ങൾക്ക് ഉപയോഗിക്കാവുന്നതാണ്. ഇതിലെ ജലം മറ്റ് ആവശ്യങ്ങൾക്ക് വിനിയോഗിക്കുവാൻ പാടുള്ളതല്ല. കുളത്തിന് കേടുപാട് വരുത്തുകയോ, ജലം മലിനമാക്കുന്ന ഒരു പ്രവർത്തനങ്ങളും നടത്തുവാൻ പാടുള്ളതല്ല. കാർണിവലിനോടനുബന്ധിച്ച് ആരംഭിക്കുന്ന സ്റ്റാളുകളിൽ നിരോധിത സാധനങ്ങൾ ഒഴികെ ഉള്ള ഉൽപ്പന്നങ്ങൾ വിൽക്കുന്നതിനും പ്രദർശിപ്പിക്കുന്നതിനും അനുവാദം നൽകുന്നതാണ്. അനുവദിക്കുന്ന സ്ഥലത്ത് ഫുഡ്കോർട്ടുകൾ, ഐസ്ക്രീം സ്റ്റാളുകൾ മുതലായവ പ്രവർത്തിപ്പിക്കാവുന്നതാണ്.
b) മേള ദിവസങ്ങളിൽ കലാപരിപാടികൾ നടത്താവുന്നതാണ്. പ്രവേശനടിക്കറ്റ് എടുത്തിട്ടുള്ള എല്ലാവർക്കും ഇത് സൗജന്യമായി വീക്ഷിക്കുന്നതിന് അവസരം നൽകേണ്ടതുമാണ് . Annexure IV-ൽ കാണിച്ചിരിക്കുന്ന 'O'-ൽ എല്ലാ ദിവസങ്ങളിലും കലാപരിപാടികൾ നടത്തുന്നതിനായി മതിയായ സ്റ്റേജ് സൗകര്യം ഒരുക്കേണ്ടതാണ്. മേളയുടെ ഉദ്ഘാടനത്തിനും, മറ്റ് സമാന ആവശ്യങ്ങൾക്കുമായി ഈ സ്ഥലം കാർഷിക സർവ്വകലാശാലയ്ക്ക് വിട്ടുനൽകേണ്ടതാണ് ഫാം കാർണിവൽ ഗാർഡൻ ഉൾപ്പെടെയുള്ള എല്ലാ സ്ഥലങ്ങളിലും സെക്യൂരിറ്റി സംവിധാനം ഏർപ്പാടാക്കേണ്ടതാണ് .സുരക്ഷാ ബാരിക്കേഡുകൾ ആവശ്യമുള്ള ഇടത്തെല്ലാം ആർ.എ.ആർ.എസ് ലെ സെക്യൂരിറ്റി ഓഫീസർ ഇൻചാർജ്ജുമായി സംസാരിച്ച് നിർമ്മിക്കേണ്ടതാണ്.
c) സന്ദർശകരുടെ വാഹന പാർക്കിംഗിനുള്ള സംവിധാനവും EOI ലഭിക്കുന്ന സ്ഥാപനം ഏർപ്പാടാക്കേണ്ടതാണ് .മേള നഗരിയിലേയ്ക്കുള്ള മേള ടിക്കറ്റ് വിതരണവും പൂർണ്ണമായും ഏറ്റെടുത്ത് ചെയ്യേണ്ടതാണ് .
d) ടിക്കറ്റ് , നിരക്ക് മുതിർന്നവർക്ക് ഒരാൾക്ക് പരമാവധി 50 രൂപയും കുട്ടികൾക്ക് പരമാവധി 20 രൂപയും ആയി നിജപ്പെടുത്താവുന്നതാണ്. ( 5 വയസ്സ് വരെ സൗജന്യം, സ്കൂളിൽ നിന്നും വരുന്ന കുട്ടികൾക്ക് 20 രൂപ, മുതിർന്നവർക്ക് 50 രൂപ) കൂടാതെ സ്കൂളുകളിൽ നിന്ന് ഗ്രൂപ്പുകളായി വരുന്ന വിദ്യാർത്ഥികൾ, മുതിർന്ന പൗരന്മാർ, അംഗപരിമിതിയുള്ളവർ എന്നിവർക്കും ടിക്കറ്റ് നിരക്കിൽ അർഹമായ ഇളവ് അനുവദിക്കാവുന്നതാണ്. ടിക്കറ്റ് വിതരണം ചെയ്യുന്നതിനായി ഒരു ടിക്കറ്റ് കൗണ്ടറും 4 ടിക്കറ്റ് മെഷിനും കേന്ദ്രത്തിൽ നിന്ന് അനുവദിക്കുന്നതാണ്. കൂടുതൽ ടിക്കറ്റ് മെഷിനും മറ്റ് സജ്ജീകരണങ്ങളും ആവശ്യമാകുന്ന പക്ഷം കാർണിവൽ വേളയിൽ എത്തിക്കേണ്ടതാണ്.
e) മേള ഗ്രൗണ്ടിലെ പരിപാടികൾ ഹരിതചട്ട പ്രകാരം മാത്രമേ നടത്തുവാൻ പാടുള്ളൂ . അതാത് ദിവസങ്ങളിൽ തന്നെ ജൈവ അജൈവ മാലിന്യങ്ങൾ നിർമ്മാർജ്ജനം ചെയ്യേണ്ടതാണ്. ഇതിനായി ശുചിത്വമിഷൻ, ഹരിതകർമ്മസേന, ആർ.എ.ആർ.എസ് -ലെ ഗ്രീൻ പ്രോട്ടോക്കോൾ ഓഫീസർ എന്നിവരുടെ നിർദ്ദേശങ്ങളും സ്വീകരിക്കേണ്ടതാണ്.
f) നിലവിൽ ഉള്ള 5 ശുചിമുറികൾ EOI ലഭിക്കുന്ന സ്ഥാപനം പരിപാലിക്കേണ്ടതാണ്. ഇവിടേയ്ക്ക് ആവശ്യമുള്ള വെള്ളം ആർ.എ.ആർ.എസ് നൽകുന്നതാണ്.

g) നിലവിൽ വിവിധ സ്ഥലങ്ങളിൽ സ്ഥാപിച്ചിട്ടുള്ള സിസി ടിവി ക്യാമറകൾക്ക് പുറമെ മേള ഗാർഡനിലെ എല്ലാ സ്ഥലങ്ങളിലും (സ്റ്റാളുകൾ ഉൾപ്പെടെ) EOI ലഭിക്കുന്ന സ്ഥാപനം സിസി ടിവി കവറേജ് ഏർപ്പെടുത്തേണ്ടതാണ്.

h) മേള ഗ്രൗണ്ട് ഉൾപ്പെട്ട 10 ഹെക്ടർ സ്ഥലവും വിവിധ റൈഡുകൾ ഉൾപ്പെടെ എല്ലാ പരിപാടികൾക്കും സന്ദർശകർക്ക് അപകടങ്ങൾ സംഭവിക്കുന്നത് മൂലമോ, മരണം മൂലമോ ഉണ്ടാകുന്ന കാരണങ്ങൾക്ക് മതിയായ ഇൻഷുറൻസ് പരിരക്ഷ ഏർപ്പെടുത്തേണ്ടതാണ് .

i) മേള സന്ദർശിക്കുന്നവർക്ക് രണ്ടിടങ്ങളിലായി കുടിവെള്ളം നൽകുന്നതിനുള്ള സംവിധാനം ആർ.എ.ആർ.എസ് ഏർപ്പാടാക്കുന്നതാണ്. കൂടുതൽ സവിധാനം EOI ലഭിക്കുന്ന ഏജൻസി ഏർപ്പാടാക്കേണ്ടതാണ്.

j) മേളയുടെ എല്ലാപരിപാടികളുടെയും ഓഡിയോ- വീഡിയോ റെക്കോർഡിംഗുകൾ നടത്തേണ്ടതും ഇതിന്റെ ഒരു പകർപ്പ് കാർഷിക സർവ്വകലാശാലയ്ക്ക് സമർപ്പിക്കേണ്ടതുമാണ്.

k) മേളയുടെ പ്രചരണത്തിനായി മതിയായ പരസ്യം നൽകേണ്ടതും ഇതിനായി പ്രമോഷണൽ വീഡിയോ ഉൾപ്പെടെയുള്ളവ നിർമ്മിക്കേണ്ടതുമാണ്.

l) മേള ഗ്രൗണ്ടിനോട് ചേർന്ന് കിടക്കുന്ന വയൽ ഏജൻസിക്ക് വിട്ടുനൽകുമെങ്കിലും വയലിന്റെ രൂപമാറ്റം വരുത്തുവാൻ അനുവദിക്കുന്നതല്ല.

m) EOI അംഗീകരിക്കുന്ന സ്ഥാപനങ്ങൾക്ക് അവരുടെ ഒരു കൺട്രോൾ റൂം ആർ.എ.ആർ.എസ്- ൽ സ്ഥാപിക്കേണ്ടതും ബന്ധപ്പെട്ടുന്നതിനായി ചുമതലയുള്ള ജീവനക്കാരെ അവിടെ സദാസമയവും നിയോഗിക്കേണ്ടതുമാണ്.

n) സ്റ്റാളുകൾ നടത്തുന്നതിന്റേയും ലൈറ്റിംങ്ങിന്റേയും വിവിധ റൈഡുകൾ നടത്തുന്നതിനും ആവശ്യമായ ലൈസൻസുകളും, ഫിറ്റ്നസ് സർട്ടിഫിക്കറ്റുകളും EOI ലഭിക്കുന്ന സ്ഥാപനം അവരുടെ സ്വന്തം ഉത്തരവാദിത്വത്തിൽ നേടേണ്ടതാണ്. ഇപ്രകാരം ഉള്ള ലൈസൻസുകൾ പരിപാടി തുടങ്ങുന്നതിന് മുൻപായി തന്നെ സംഘടിപ്പിക്കേണ്ടതും ആയതിന്റെ പകർപ്പുകൾ ആർ.എ.ആർ.എസ് ന് നൽകേണ്ടതുമാണ്.

o) ഏറ്റെടുക്കുന്ന പരിപാടികൾ ഉന്നത ഗുണനിലവാരവും, സുരക്ഷാ ക്രമീകരണങ്ങളും പാലിച്ചുകൊണ്ട് മാത്രമേ സംഘടിപ്പിക്കുവാൻ പാടുള്ളൂ.

p) ഭക്ഷണ വിതരണം ബന്ധപ്പെട്ട സർക്കാർ മാനദണ്ഡങ്ങൾ കർശനമമയി പാലിച്ചുകൊണ്ടാവണം.

q) കരാറുകാർ ചെയ്യുന്ന എല്ലാ പ്രവർത്തികൾക്കും ആവശ്യമുള്ള വെള്ളം അവർ തന്നെ ഏർപ്പാടാക്കേണ്ടതാണ്.

r) കരാറുകാരൻ ഏറ്റെടുക്കുന്ന എല്ലാ പ്രവർത്തികളുടെയും പരിശോധന നടത്തുന്നതിനുള്ള എല്ലാ അധികാരങ്ങളും കാർഷിക സർവ്വകലാശാലയ്ക്ക് ഉണ്ടായിരിക്കുന്നതാണ്.

s) മേള കഴിഞ്ഞതിനുശേഷം EOI ലഭിക്കുന്ന ഏജൻസി ചെയ്തിട്ടുള്ള എല്ലാ നിർമ്മാണങ്ങളും 10 ദിവസത്തിനുള്ളിൽ സ്ഥാപനത്തിന്റെ മറ്റ് സ്ഥാവരജംഗമ വസ്തുക്കൾക്ക് കേടുപാട് വരാത്ത വിധം കരാറുകാരൻ തന്നെ നിക്കം ചെയ്യേണ്ടതാണ്.

t) കാർഷിക സർവ്വകലാശാല നിർദ്ദേശിക്കുന്നവർക്ക് മേള ഗാർഡനിൽ പ്രവേശനം സൗജന്യമായി അനുവദിക്കേണ്ടതാണ്.

u) കാർഷിക സർവ്വകലാശാല നിശ്ചയിക്കുന്ന ഓർഗനൈസിംഗ് കമ്മിറ്റിയ്ക്ക് മേളയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട എല്ലാപരിപാടികളും പരിശോധിക്കുന്നതിനും അനുയോജ്യമല്ലാത്തവ ഒഴിവാക്കുന്നതിനുമുള്ള അധികാരം ഉണ്ടായിരിക്കും .

v) മേള ഗ്രൗണ്ടിൽ ഏത് വസ്തുക്കളും(additional fittings) അധികമായി സ്ഥാപിക്കുന്നതിന് മുൻപ് RARS –ന്റെ അനുമതി കരസ്ഥമാക്കേണ്ടതാണ് .

w) മേള നടത്തുന്ന ദിവസങ്ങളിൽ ഉണ്ടാവുന്ന ഏത് അറ്റകുറ്റപ്പണികളും EOI ലഭിക്കുന്ന ഏജൻസി യഥാസമയം ചെയ്യേണ്ടതാണ് .

x) ഗവൺമെന്റ് സ്റ്റാളുകളിൽ ഡ്യൂട്ടിയ്ക്ക് നിയോഗിക്കുന്നവർക്കും, സെക്യൂരിറ്റി, ആംബുലൻസ് ഫസ്റ്റ് എയ്ഡ്, ഹെൽത്ത്, പോലീസ്, ഫയർഫോഴ്സ് ജീവനക്കാർക്കും ഭക്ഷണം EOI ലഭിക്കുന്ന ഏജൻസി നൽകേണ്ടതാണ്.

y) വിവിധ റൈഡുകൾ സ്ഥാപിക്കുന്നതിന് മുൻപായി RARS ഉദ്യോഗസ്ഥരുമായി കൂടിയാലോചിക്കേണ്ടതാണ്.

z) ഗവണ്മെന്റ് സ്റ്റാളുകൾ സജ്ജീകരിക്കേണ്ട ചുമതലയും EOI ലഭിക്കുന്ന ഏജൻസിയ്ക്ക് ആയിരിക്കും ( പന്തൽ, കസേര, ലൈറ്റ്, ഫാൻ, ഫ്ലോർ മാറ്റ് )

aa) പഞ്ചായത്തിൽ ഒടുക്കേണ്ട വിനോദനികുതി EOI ലഭിക്കുന്ന സ്ഥാപനം അടയ്ക്കേണ്ടതാണ് .

bb) വാഹനങ്ങളുടെ പാർക്കിംഗ് ഫീ എത്രയെന്ന് ബിഡിൽ വ്യക്തമാക്കേണ്ടതാണ്.

cc) ടിക്കറ്റ് നിരക്കിൽ ജി.എസ്.ടി ഉൾപ്പെടെ എന്ന് വ്യക്തമാക്കേണ്ടതാണ്.

dd) ജി.എസ്.ടി -യും മറ്റ് ബാധകമായ നികുതികളും, ഫീസുകളും കരാറുകാരൻ മറ്റ് ബന്ധപ്പെട്ട വകുപ്പുകളിൽ ഒടുക്കേണ്ടതും ആയതിന്റെ രേഖകൾ ഈ കേന്ദ്രത്തിൽ സമർപ്പിക്കേണ്ടതുമാണ്.

ee) പൂർണ്ണമല്ലാത്തതായ EOI നിരസിക്കുന്നതാണ്.

ff) ഓരോ ദിവസത്തെ സന്ദർശകരുടെ എണ്ണം ആർ.എ.ആർ.എസ് മേധാവിയെ അറിയിക്കേണ്ടതാണ്.

**gg)** കരാറുകാർക്ക് EOI സംബന്ധിച്ച സംശയനിവാരണത്തിന് ബന്ധപ്പെടാനുള്ള ഉദ്യോഗസ്ഥന്റെ പേരും വിലാസവും; **ഡോ. വനജ.ടി, അസോസിയേറ്റ് ഡയറക്ടർ ഓഫ് റിസർച്ച്, ആർ.എ.ആർ.എസ്, പിലിക്കോട്. ഫോൺ: 9495240048.**

**Annexure 4**

# LOCATION SKETCH

THIRUMUMB CENTRE FOR STUDIES ON FARMING CULTURE RARS,PILICODE




DESCRIPTION OF LOCATION SKETCH

A. AREA NEAR TICKET COUNTER
B. AREA NEAR RAIN SHELTER
C. CHAMAYAM AUDITORIUM
D. NIRAPARA MACHINERY YARD
E. DRYING YARD
F. POND & FISHING SELFIE POINT
G. AREA NEAR GOAT SHED
H,I,J. AREA INSIDE BAMBOO PARK
K. AREA INSIDE CHILDRENS PARK
L. AREA NEAR JACKFRUIT CAFETERIA
M. AREA TO LEFT OF POND
N. POND
O. AREA NEAR FOOD CROP PARK

## Annexure 5

| Sr. no. | Items | Approx. number |
|---|---|---|
| 1. | Tube | 200 nos. |
| 2. | M.H 400 w | 20 nos. |
| 3. | LED flood lights 200 w | 100 nos. |
| 4. | LED flood lights 100 w | 80 nos. |
| 5. | LED bulb 40 w | 200 nos. |
| 6. | LED par light | 50 nos. |
| 7. | GI post (20 ft) | 50 nos. |
| 8. | GI post (12 ft) | 50 nos. |
| 9. | Plug point | 150 nos. |
| 10. | Power plug | 50 nos. |
| 11. | Crazy 4 (face light) | 10 nos. |
| 12. | Ceiling fan | 30 nos. |
| 13. | Pedestrian fan | 60 nos. |
| 14. | Sharpy | 4 nos. |
| 15. | Led serial set | 400 nos. |
| 16. | Led pixel (1 set, 40 no. of bulbs) | 300 nos. |
| 17. | LED thoranam light | 400 nos. |
| 18. | Led pin spot | 20 nos. |
| 19. | Smoke machine | 2 |